കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്ത് - വാകക്കാട് അങ്കണവാടി ഭാഗത്ത് കുടിവെള്ള പദ്ധതി - ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.526/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/02/2018.

വായന:- 1. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/12/2017 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 17/01/2018 ലെ 4.34 നമ്പർ തീരുമാനം.

## ഉത്തരവ്

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വാകക്കാട് അങ്കണവാടി ഭാഗത്ത് കുടിവെള്ള പദ്ധതി പുനരുദ്ധാരണം (പ്രോ.നം. 904 - അടങ്കൽ 10,00,000/-രൂപ) എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ തോട്ടം മേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളാണെന്നും ഇവർക്ക് ടി പദ്ധതിയ്ക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമായി 1,00,000/-രൂപ കണ്ടെത്തുവാൻ കഴിയാത്തതിനാൽ സർക്കാരിൽ നിന്നും ടി തുക ഒഴിവാക്കി നൽകണമെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 10/11/2017 ലെ 5:0ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വായന (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 10.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള വാകക്കാട് അങ്കണവാടി ഭാഗത്ത് കുടിവെള്ള പദ്ധതി പുനരുദ്ധാരണം (പ്രോ.നം.904) എന്ന പ്രവൃത്തിയ്ക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ